<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5442.

27-03-2018 ൽ മറുപടിയ്ക്ക്

## ഓരോ ജില്ലയിലും നിലവിലുള്ള നെല്പാടങ്ങളുടെ വിസ്തൃതി

**ചോദ്യം**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
,, സി.മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
ഡോ.എം. കെ. മുനീർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നത് കണ്ടെത്താനും കാരണങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കാനും കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽ നിന്നും 2,20,449 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. നെല്പാടങ്ങളുടെയും തരിശു നിലങ്ങളുടെയും വിവരം ശേഖരിച്ച് രേഖപ്പെടുത്തുന്നതിനു സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളിലും നടപടി സ്വീകരിച്ചുകഴിഞ്ഞു. പ്രസ്തുത പ്രവർത്തന ത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.<br>നിലവിലുള്ള ജലസ്രോതസ്സുകൾ നിലനിറുത്തുന്നതിനും ജല നിർഗ്ഗമന ചാലുകൾ, നീരുറവകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തരിശുനിലം കൃഷി ചെയ്യിക്കുന്നതിനാണു ലക്ഷ്യമിട്ടത്.<br>വർദ്ധിച്ച കൂലിച്ചെലവ് പരിഹരിക്കുന്നതിനു കൂലിച്ചെലവ് സബ്സിഡി നൽകുകയും കാർഷിക കർമസേന, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി പ്രാരംഭപ്രവർത്തനങ്ങളെ യോജിപ്പിക്കുകയും ചെയ്തു. |
| (ബി) | ഓരോ കൃഷിഭവന്റെയും പരിധിയിൽ നിലവിലുള്ള നെൽപാടങ്ങളുടെ വിസ്തൃതി, ഉടമകളുടെ വിവരം, കൃഷി ചെയ്യുന്നുണ്ടോ, തരിശിട്ടിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അതതു കൃഷി ഭവനുകൾ ശേഖരിച്ച് സൂക്ഷിച്ചിട്ടുണ്ടോ; | (ബി) | നിലവിലുള്ള നെൽ പാടങ്ങളുടെ വിസ്തൃതി, ഉടമകളുടെ വിവരം, കൃഷി ചെയ്യുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഇപ്പോൾ നിലവിലുള്ള നെൽവയലുകളുടെ വിസ്തൃതി, അതിൽ കൃഷി ചെയ്തുവരുന്നതെത്ര, തരിശിട്ടിട്ടുള്ള തെത്ര എന്നത് സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ? | (സി) | ഓരോ ജില്ലയിലും നിലവിലുള്ള നെൽ വയലുകളുടെ വിസ്തൃതി, അതിൽ കൃഷി ചെയ്തു വരുന്നതെത്ര, തരിശിട്ടിട്ടുള്ളതെത്ര എന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | State Land use Board-ന്റെ കണക്ക് പ്രകാരം നെൽകൃഷി ചെയ്യാവുന്ന പ്രദേശങ്ങളും മറ്റ് Wet land-മായി ഉള്ള സ്ഥലത്തിന്റെ വിസ്തൃതി (ഹെക്ടർ) | നിലവിലുള്ള നെൽകൃഷി ചെയ്യാൻ യോഗ്യമായ സ്ഥലത്ത് ഒന്നും രണ്ടും മൂന്നും വിളകളായി നെൽകൃഷി ചെയ്യുന്നത് (കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം) (ഹെക്ടർ) | തരിശ് കിടക്കുന്ന നെൽകൃഷി ചെയ്യാൻ യോഗ്യമായ സ്ഥലത്തിന്റെ ഭൂവിസ്തൃതി (കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം) (ഹെക്ടർ) |
|---|---|---|---|
| തിരുവനന്തപുരം | 7410.14 | 2663.278 | 250 |
| കൊല്ലം | 5391.67 | 3467.922 | 1482 |
| പത്തനംതിട്ട | 8078.99 | 3591.2 | 780 |
| ആലപ്പുഴ | 40704.89 | 40282.49 | 2803 |
| കോട്ടയം | 23032.01 | 20309.02 | 3300 |
| ഇടുക്കി | 3985.77 | 1520.5 | 430 |
| എറണാകുളം | 24754.52 | 5300.8403 | 600 |
| തൃശ്ശൂർ | 28717.54 | 22470.48 | 5597 |
| പാലക്കാട് | 69230.84 | 90580 | 23764 |
| മലപ്പുറം | 40759.99 | 8084.26 | 1274.61 |
| കോഴിക്കോട് | 11931.58 | 3783.0043 | 643 |
| വയനാട് | 13277.54 | 9508.247 | 840 |
| കണ്ണൂർ | 8495.69 | 6083.146 | 3892.244 |
| കാസർഗോഡ് | 4499.94 | 2804.988 | 1200 |
| **ആകെ** | **290271.10** | **220449.375** | **46855.854** |

സെക്ഷൻ ഓഫീസർ